"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

**പൊതുവിദ്യാഭ്യാസ വകുപ്പ് - വിദ്യാകിരണം പദ്ധതി - ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ചുമതല കൈറ്റിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

പൊതു വിദ്യാഭ്യാസ (ഡി )വകുപ്പ്

G.O.(Rt)No.2073/2022/GEDN തീയതി,തിരുവനന്തപുരം, 27-03-2022

പരാമർശം:-
1. സ.ഉ.(സാധാ) നം. 3609/2021/പൊ.വി.വ. തീയതി 10.08.2021.
2. G.O. (P) No. 133/2021/Fin. dated 07.10.2021.
3. സ.ഉ.(സാധാ) നം. 4843/2021/പൊ.വി.വ. തീയതി 28.10.2021.
4. വിദ്യാകിരണം പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15.01.2022 ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്.
5. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28.02.2021 ലെ കൈറ്റ്/2022/1707 (5) നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ ലഭ്യമാക്കുന്ന വിദ്യാകിരണം പദ്ധതിയുടെ മാർഗനിർദേശങ്ങൾ പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ട്. സി.എം.ഡി.ആർ.എഫ് അക്കൗണ്ടിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവാക്കിയിട്ടുണ്ട്. പരാമർശം 3 സർക്കാർ ഉത്തരവിൽ കുട്ടികൾക്ക് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന്റെ മുന്നോടിയായി സ്കൂളും കുട്ടിയുടെ രക്ഷകർത്താവും തമ്മിൽ ഒപ്പുവെയ്ക്കേണ്ട ധാരണാപത്രം അംഗീകരിച്ചിട്ടുണ്ട്.

പരാമർശം 1 ലെ സർക്കാർ ഉത്തരവിൽ വിദ്യാകിരണം അക്കൗണ്ടിൽ ലഭ്യമാകുന്ന തുകയിൽ നിന്നും ആവശ്യകതയ്ക്കനുസരിച്ച് സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾക്ക് ഐ.ടി വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പരാമർശം 4 ലെ യോഗത്തിൽ ഐ.ടി പർച്ചേസ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ പൊതുവിദ്യാഭ്യാസ വകുപ്പിലെ കൈറ്റിനെ (കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) ചുമതലപ്പെടുത്തിയിരുന്നു.

സി.എസ്.ആർ ഫണ്ടുകൾ സ്വീകരിക്കാനായി പരാമർശം 1 പ്രകാരം കൈറ്റ് ആരംഭിച്ച അക്കൗണ്ടിൽ ലഭിച്ച തുകയ്ക്ക് 'ജെം' പോർട്ടൽ വഴി നടപ്പ സാമ്പത്തികവർഷം തന്നെ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പരാമർശം 4 ലെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 5 പ്രകാരം കൈറ്റ് സി.ഇ.ഒ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'വിദ്യാകിരണം' പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു:

1. വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച തുകയ്ക്കനുസരിച്ചുള്ള ഐ.ടി ഉപകരണങ്ങളുടെ പർച്ചേസ് 'ജെം' പോർട്ടൽ വഴി നടത്തുന്നതിനും വിതരണം ചെയ്യുന്നതിനും കൈറ്റിനെ ചുമതലപ്പെടുത്തുന്നു. പർച്ചേസിനാവശ്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഐ.ടി സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ ഹൈടെക് സ്കൂൾ പദ്ധതികൾക്കായി അനുവർത്തിച്ച അതേ മാതൃകയിൽ കൈറ്റ് നടത്തേണ്ടതാണ്.

2. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിലെ സി.എം.ഡി.ആർ.എഫ് അക്കൗണ്ടിൽ 'വിദ്യാകിരണം' പദ്ധതിയ്ക്കായി ലഭിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ടെണ്ടർ നടപടികൾ തുടങ്ങാനായി ധനകാര്യ വകുപ്പ് കൈറ്റിനെ അറിയിക്കേണ്ടതാണ്. പർച്ചേസ് നടപടികൾ ആരംഭിക്കുന്ന മുറയ്ക്ക് തുക കൈറ്റിന്റെ നിശ്ചിത അക്കൗണ്ടിലേയ്ക്ക് കൈറ്റിന്റെ അപേക്ഷപ്രകാരം കൈമാറേണ്ടതുമാണ്.

3. ഒറ്റത്തവണ ടെണ്ടർ നടപടികൾക്ക് പകരം സി.എം.ഡി.ആർ.എഫ്-ൽ ലഭിക്കുന്ന തുകയ്ക്കനുസരിച്ച് നിശ്ചിത ഇടവേളകളിൽ ടെണ്ടർ നടപടികൾ നടത്തുന്നതിന് കൈറ്റ് നടപടികളെടുക്കേണ്ടതാണ്.

4. വിദ്യാകിരണം പദ്ധതിയ്ക്കായി വിദേശ മലയാളികൾക്കൾപ്പെടെ വാഗ്ദാനം ചെയ്തിട്ടുള്ള തുക സമയബന്ധിതമായി ലഭിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും നോർക്കയുടേയും പ്രിൻസിപ്പൽ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

5. ജെം വഴി വാങ്ങുമ്പോൾ ഗുണനിലവാരമുള്ള ഉപകരണങ്ങളാണെന്ന് ഉറപ്പുവരുത്തണം. ഇതിലേക്കായി CMDRFൽ ലഭിക്കുന്ന തുക കണക്കാക്കിയാവണം വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സി.ഇ.ഒ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ ഐ .റ്റി മിഷൻ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 31-03-2022 10:07:13
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) യുടെ പി.എയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി ( ഐ.ടി വകുപ്പ് ) യുടെ പി.എയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്